ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 03.11.2024

## പ്രധാനവാർത്തകൾ

1. കേന്ദ്ര റെയിൽവെ - വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് കേരളത്തിൽ; വിവിധ റെയിൽവേ വികസന പദ്ധതികൾ അവലോകനം ചെയ്യും.

2. ഷൊർണ്ണൂരിൽ തീവണ്ടി തട്ടി പുഴയിലേക്ക് തെറിച്ചു വീണ ശുചീകരണ തൊഴിലാളിക്കായുള്ള തിരച്ചിൽ ഊർജ്ജിതം; കാസർഗോഡ് വെടിക്കെട്ട് അപകടത്തിൽ മരണം രണ്ടായി.

3. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ശക്തം.

4. സംസ്ഥാനത്തെ മുൻഗണനാ റേഷൻ കാർഡ് ഉടമകൾക്ക് മസ്റ്ററിംഗ് നടത്താനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി മന്ത്രി ജി ആർ അനിൽ.

5. സംസ്ഥാന സ്കൂൾ കായികമേളക്ക് നാളെ എറണാകുളത്ത് തുടക്കമാകും; ഇരുപതിനായിരത്തോളം കായിക പ്രതിഭകൾ മാറ്റുരക്കും.

************************************

## അശ്വിനി വൈഷ്ണവ് - സന്ദർശനം

കേന്ദ്ര റെയിൽവേ, വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് സംസ്ഥാനത്തെത്തി. ആലുവ സ്റ്റേഷനിൽ എത്തിയ അദ്ദേഹം റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി. കൊച്ചി മുതൽ കോഴിക്കോട് വരെ ട്രെയിനിൽ സഞ്ചരിച്ച് ട്രാക്കുകളുൾപ്പെടെയുള്ളവ കേന്ദ്രമന്ത്രി പരിശോധിക്കും. തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ വികസന പുരോഗതിയും അദ്ദേഹം വിലയിരുത്തും. വൈകിട്ട് കോഴിക്കോട്, ജന്മഭൂമി ദിനപത്രത്തിൻ്റെ സുവർണ്ണജൂബിലി ആഘോഷം കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

***********************************

## തീവണ്ടി അപകടം

ഷൊർണ്ണൂരിൽ തീവണ്ടി തട്ടി പുഴയിലേക്ക് തെറിച്ചു വീണ ശുചീകരണ തൊഴിലാളിക്കായുള്ള തിരച്ചിൽ ഊർജ്ജിതം. തൊഴിലാളികളെ ഏർപ്പെടുത്തിയ കരാറുകാരനെതിരെ ക്രിമിനൽ കേസ് ചുമത്തിയതായി ദക്ഷിണ റെയിൽവേ അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് റയിൽവെ ഒരു ലക്ഷം രൂപാ വീതം നൽകും. ഇന്നലെ ഉച്ചയ്ക്കാണ് ഷൊർണൂർ പാലത്തിന് മുകളിൽ കേരള എക്സ്പ്രസ്സ് തട്ടി തമിഴ്നാട് സ്വദേശികളായ ശുചീകരണ തൊഴിലാളികൾ അപകടത്തിൽപെട്ടത്.

***********************************

## ട്രെയിൻ അപകടം - വി.കെ ശ്രീകണ്ഠൻ എം.പി

ഷൊർണൂർ റെയിൽവേ ട്രാക്കിൽ ട്രെയിനിടിച്ചു തൊഴിലാളികൾ മരിച്ച സംഭവത്തിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് വി.കെ ശ്രീകണ്ഠൻ എം.പി.

PIUTVPM

മരിച്ചവരുടെ കുടുംബത്തിന് മതിയായ നഷ്ട പരിഹാരം നൽകണമെന്നും കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവിന് അയച്ച കത്തിൽ അദ്ദേഹം ആവശ്യപ്പെട്ടു. സംഭവം അന്വേഷിക്കണമെന്ന് കെ. രാധാകൃഷ്ണൻ എം. പി യും ആവശ്യപ്പെട്ടു.

***************************************

## വെടിക്കെട്ട് അപകടം

കാസർഗോഡ് നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ ഒരാൾ കൂടി മരിച്ചു. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രതീഷാണ് മരിച്ചത്. ഇതോടെ അപകടത്തിൽ മരണം രണ്ടായി. നൂറ്റി അൻപതിലേറെ പേർക്കാണ് അപകടത്തിൽ പരിക്കേറ്റത്.

***************************************

## കേരള ഉപതിരഞ്ഞെടുപ്പ്

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ശക്തം. പരസ്യപ്രചാരണം ഈ മാസം 11 ന് വൈകിട്ട് അവസാനിക്കും. രണ്ടാം ഘട്ട പ്രചാരണത്തിനായി UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി വയനാട്ടിലെത്തി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കയെ അനുഗമിക്കുന്നുണ്ട്. LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. ഇന്ന് വണ്ടൂർ നിലമ്പൂർ മണ്ഡലങ്ങളിലാണ് സത്യൻ മൊകേരിയുടെ പ്രചാരണം. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസ് ഇന്ന് കൽപ്പറ്റ നിയമസഭ മണ്ഡലത്തിലാണ് പര്യടനം നടത്തുന്നത്.

RNU TVPM

*************************************

## പാലക്കാട് - ഹോം വോട്ടിങ് ( ഇൻട്രോ )

ഉപതിരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാൻ അവസരം നൽകുന്ന ഹോം വോട്ടിങ് സംവിധാനത്തിന് നാളെ തുടക്കമാവും. 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ളവർക്കാണ് ഹോം വോട്ടിങിന് അനുമതി നൽകിയിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

*************************************

## അമിത് ഷാ - ഝാർഖണ്ഡ്

മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പാർട്ടിയുടെ പ്രകടനപത്രിക ഇന്ന് പുറത്തിറക്കി. അതേസമയം, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

*************************************

## റേഷൻ കാർഡ് മസ്റ്ററിംഗ്

സംസ്ഥാനത്തെ മുൻഗണനാ റേഷൻ കാർഡ് ഉടമകൾക്ക് ബയോമെട്രിക് മസ്റ്ററിംഗ് നടത്താനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി മന്ത്രി ജി ആർ അനിൽ. സംസ്ഥാനത്തെ 84.21 ശതമാനം A.A.Y, P.H.H റേഷൻകാർഡ്

PNU TVPM

അംഗങ്ങൾ ഇതുവരെ മസ്റ്ററിംഗ് പൂർത്തിയാക്കിയതായി അദ്ദേഹം അറിയിച്ചു. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സജ്ജമാക്കിയ മേരാ KYC മൊബൈൽ ആപ്പ് ഈ മാസം 11-ാം തീയതിയോടെ ഉപയോഗിക്കാനാകുമെന്നും ഇതോടെ മൊബൈൽ ആപ്പ് വഴി മസ്റ്ററിംഗ് നടത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നും മന്ത്രി പറഞ്ഞു.

************************************

## മലപ്പുറം - വിള്ളൽ വീണു

ഭൂമിക്കടിയിൽ നിന്നും സ്ഫോടന ശബ്ദമുണ്ടായ മലപ്പുറം ആനക്കല്ലിൽ മൂന്ന് വീടുകളുടെ ചുവരുകളിൽ വിള്ളൽ വീണു. അപകടാവസ്ഥയില്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് അറിയിച്ചിരുന്നെങ്കിലും ചുവരുകളിൽ വിള്ളൽ വീണതിൽ ജനങ്ങൾ ആശങ്കയിലാണ്. നൂറ്റിയൻപതോളം കുടുംബങ്ങളാണ് ഈ മേഖലയിൽ താമസിക്കുന്നത്.

************************************

## പ്രത്യേക ട്രെയിൻ സർവീസ്

ഉത്സവ സീസണിൽ യാത്ര തിരക്ക് കുറയ്ക്കാനായി ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയ പ്രത്യേക ട്രെയിൻ സർവീസുകൾ തുടരുന്നു. ഇന്ന് വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 188 പ്രത്യേക ട്രെയിനുകളാണ് സർവീസുകൾ നടത്തുന്നത്. കേരളത്തിൽ നിന്ന് വൈകിട്ട് 6 40 ന് കൊച്ചുവേളി - മംഗളുരു പ്രത്യേക ട്രെയിൻ സർവീസ് നടത്തുന്നുണ്ട്. തിരക്ക് കണക്കിലെടുത്ത് വിശാഖപട്ടണം - കൊല്ലം സ്പെഷ്യൽ ട്രെയിനിൽ ഓരോ AC ത്രീ ടയർ കോച്ചും സ്ലീപ്പർ കോച്ചും അധികം അനുവദിച്ചു..

************************************

RNU TVPM

## ഇടുക്കി - ചാർജിങ് സ്റ്റേഷൻ - ഇൻട്രോ

ഇടുക്കിയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് സൗകര്യമൊരുക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ. ടൂറിസം കേന്ദ്രങ്ങളിലെ പരിസ്ഥിതി മലിനീകരണം ലഘുകരിക്കുക, ഇന്ധന ലഭ്യത സുഗമമാക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പദ്ധതി ഡിസംബറിൽ പൂർത്തീകരിക്കാനാണ് ശ്രമം.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

*************************************

RNU TVPM

## സംസ്ഥാന സ്കൂൾ ശാസ്ത്ര മേള

ഈ മാസം 15 മുതൽ 18 വരെ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന ശാസ്ത്ര മേളയിൽ പ്രത്യേകമായി കരിയർ എക്സ്പോ സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. ശാസ്ത്രോത്സവം നൂതനാശയങ്ങൾ ഉൾപ്പെടുത്തി മികച്ച രീതിയിൽ നടത്തുമെന്നും സംഘാടകസമിതി ചെയർമാൻ കൂടിയായ മന്ത്രി പറഞ്ഞു. ഏഴോളം വേദികളിലായാണ് സ്കൂൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നത്.

*************************************

## സംസ്ഥാന സ്കൂൾ കായികമേള

ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളക്ക് നാളെ എറണാകുളത്ത് തുടക്കമാകും. ഈ മാസം 11 വരെയാണ് കായികമേള അരങ്ങേറുന്നത്. കായികമേളക്ക്

മുന്നോടിയായുള്ള ദീപശിഖ പ്രയാണവും വാഹന ജാഥയും വിവിധ ജില്ലകളിൽ സ്വീകരണം ഏറ്റുവാങ്ങിയ ശേഷം നാളെ എറണാകുളം തൃപ്പൂണിത്തുറയിൽ സംഗമിക്കും. 1600ഓളം ഭിന്നശേഷി കുട്ടികൾ ഉൾപ്പെടെ ഇരുപതിനായിരത്തോളം കായിക പ്രതിഭകളാണ് ഇത്തവണ മേളയിൽ പങ്കെടുക്കുന്നത്.

****************************************

## കായിക മേള - ഭിന്നശേഷി കുട്ടികൾ

കായികമേളയുടെ ഭാഗമായുള്ള ഭിന്നശേഷി കുട്ടികളുടെ ഇൻക്ലൂസീവ് കായികമേളയിൽ കണ്ണൂർ ജില്ലയിൽ നിന്ന് 105 കുട്ടികളെ തിരഞ്ഞെടുത്തു. ഗെയിംസ് ഇനത്തിൽ 70 കുട്ടികളും അത്‌ലറ്റിക്സ് ഇനത്തിൽ 35 കുട്ടികളുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ആദ്യമായാണ് സ്കൂൾ കായികമേളക്കൊപ്പം ഭിന്നശേഷി കുട്ടികൾക്കായുള്ള ഇൻക്ലൂസീവ് കായികമേള സംഘടിപ്പിക്കുന്നത്.

RNU TVPM

****************************************

## ക്രിക്കറ്റ്

മുംബൈയിൽ നടക്കുന്ന ഇന്ത്യ - ന്യൂസീലൻഡ് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിങ്സിൽ ഇന്ത്യയുടെ ബാറ്റിംഗ് തുടരുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ, ഇന്ത്യ 7 വിക്കറ്റിന് 108 റൺസെടുത്തിട്ടുണ്ട്. നേരത്തെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ന്യൂസിലാൻഡ് 173 റൺസെടുക്കുന്നതിനിടെ എല്ലാവരും പുറത്താവുകയായിരുന്നു.

****************************************

## ഐ എസ് എൽ

ISL ഫുട്ബാളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് ഗുവാഹത്തിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡിഷ എഫ് സി യെ നേരിടും. രാത്രി 7.30 ന് മുംബൈയിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റിയും - കേരള ബ്ലാസ്റ്റേഴ്സും ഏറ്റുമുട്ടും.

****************************************

## ഉജ്ജ്വല പദ്ധതി - കണ്ണൂർ - ഇൻട്രോ

സ്ത്രീകളുടെ കലാ, കായിക, സാംസ്കാരിക അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലയിൽ പാനൂർ ബ്ലോക്ക് പഞ്ചായത്തിൻറെ ഉജ്ജ്വല പദ്ധതിക്ക് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയ്സ്)

****************************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് 6 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

****************************************

RNU TVPM

## വാമനപുരം - ജാഗ്രതാ നിർദേശം

ജലനിരപ്പ് ഉയരുന്നതിനാൽ തിരുവനന്തപുരം വാമനപുരം നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്. നദിയിലിറങ്ങാനോ മുറിച്ചു കടക്കാനോ പാടില്ല.

***********************************

## ചൂരൽമല

വയനാട് ചൂരൽമല ഉരുൾപൊട്ടലിൽ അകപ്പെട്ടയാളുടേതെന്ന് സംശയിക്കുന്ന ശരീര ഭാഗം കണ്ടെത്തിയതായി ഫയർഫോഴ്സ് അറിയിച്ചു. പരപ്പൻപാറ ഭാഗത്തു നിന്നുമാണ് മൃതദേഹാവശിഷ്ടം ലഭിച്ചത്.

***********************************

RNU TVPM

## ലക്ഷദ്വീപ് - BSNL

BSNL 25-ാം വർഷത്തിലേക്ക് കടക്കുന്നതിൻ്റെ ഭാഗമായി ലക്ഷദ്വിപിൽ വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തിയിൽ നടന്ന BSNL Coral Cup ബീച്ച് ഫുട്ബോൾ മത്സരത്തിൽ ടീം ബ്ലാക്ക് ആർമിയെ പരാജയപെടുത്തി അൽ ഹിലാലിയാ ഹോം സിറ്റി ചാംപ്യൻമാരായി.

***********************************

## ജലവിതരണം തടസ്സപ്പെടും

തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഓൾ ഇന്ത്യ റേഡിയോ റോഡിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നഗരത്തിൽ ഇന്ന്

വൈകുന്നേരം 3 മണി വരെ ജലവിതരണം തടസപ്പെടും. തിരുവനന്തപുരം നഗരസഭാ പരിധിയിലെ പൂജപ്പുര , കരമന, മുടവൻമുകൾ, കാലടി, തിരുമല, കാഞ്ഞിരംപാറ, വട്ടിയൂർക്കാവ് തുടങ്ങിയ ഇടങ്ങളിലാണ് ജലവിതരണം മുടങ്ങുക.

*************************************************************************

RNU TVPM